**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3868 — 11.11.2019 ൽ മറുപടിക്ക്

## ആർദ്രം മിഷൻ ജനകീയമാക്കുന്നതിനായി നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ. | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ആർദ്രം മിഷൻ നടപ്പിലായതോടെ സംസ്ഥാനത്തെ ആരോഗ്യ സേവന രംഗത്ത് വൻ കുതിച്ചു ചാട്ടവും പൊതുജനാരോഗ്യ സംവിധാനങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്തെങ്കിലും ഇപ്പോഴും രോഗപ്രതിരോധ സംവിധാനങ്ങൾ വേണ്ടത്ര മെച്ചപ്പെട്ടിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുകയും ടി സ്ഥാപനങ്ങളിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും മെച്ചപ്പെട്ട ലബോറട്ടറി സംവിധാനവും, ഗുണമേന്മയുള്ള മരുന്നുകളും ഉറപ്പു വരുത്തുകയും ചെയ്യുക വഴി പ്രാഥമിക തലത്തിൽ തന്നെ സൗജന്യമായി മെച്ചപ്പെട്ട ചികിത്സ ഒരുക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട ജില്ലാ/ജനറൽ/താലൂക്കാശുപത്രികളിലായി സൂപ്പർ സ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുക വഴി സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി വിഭാഗം ചികിത്സയും കുറഞ്ഞ നിരക്കിൽ രോഗികൾക്ക് നൽകുവാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഡോക്ടർമാരുൾപ്പടെയുള്ള വിവിധ വിഭാഗങ്ങളിലായി കൂടുതൽ തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് സർക്കാർ ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഏർപ്പെടുത്തുവാനും ഇതുവഴി രോഗപ്രധിരോധ സംവിധാനങ്ങൾ മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്. |
| (ബി) | ആർദ്രം മിഷന്റെ ഭാഗമായി ചികിത്സാ ചെലവ് കുറച്ചു കൊണ്ട് വരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | | |
| (സി) | മിഷൻ കൂടുതൽ ജന കീയമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | വിവിധ ഉപ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിലും ഫീൽഡ് തല പ്രവർത്തനങ്ങളിലും കൂടുതൽ ജനപങ്കാളിത്തം കൊണ്ടു വരുന്നതിനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലി രോഗ നിയന്ത്രണം, മാനസിക രോഗ പരിചരണം, മാതൃ-ശിശു ആരോഗ്യ പരിചരണം തുടങ്ങിയ വിവിധ രോഗ നിയന്ത്രണങ്ങൾ കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. സർക്കാർ ആശുപത്രികളിലെ ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കുന്നത് വഴി ഒ.പി.വിഭാഗത്തിലെ |

| | | | |
|---|---|---|---|
| | | | തിരക്ക് കുറയ്ക്കുവാനും ഒ.പി.വിഭാഗം ജനകീയമാക്കാനും സാധിച്ചിട്ടുണ്ട്.<br>ആർദ്രം മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമായി വ്യായാമം, നല്ല ഭക്ഷണ ശീലങ്ങൾ, മാനസികാരോഗ്യം, ശുചിത്വം, തുടങ്ങിയ വിഷയങ്ങളിലൂന്നി വിപുലമായ ഒരു സംസ്ഥാനതല ക്യാംപയിൻ നവംബർ 18-ന് ആരംഭിച്ചു. |
| (ഡി) | രോഗപ്രതിരോധ മേഖലയിൽ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനുമായി എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതോടൊപ്പം അവയുടെ കീഴിലുള്ള ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്താനുള്ള നടപടികൾ എടുത്തു വരുന്നതാണ്. എല്ലാ ദിവസങ്ങളിലും ഉച്ചകഴിഞ്ഞ് ഉപകേന്ദ്ര ക്ലിനിക്കുകൾ, ജീവിതശൈലി രോഗങ്ങൾ കൂടി ഊന്നൽ നൽകി കൊണ്ട് ഫീൽഡ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന നടപടികളും എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ